(ഇ) പുരുഷ-വനിതാ പോലീസുകാരുടെ സീനിയോറിറ്റി ഏകീകരിക്കുന്നതിനും അതുവഴി ഇവരുടെ പ്രമോഷൻ വ്യവസ്ഥകൾ ഏകീകരിക്കുന്നതിനുമായി ഒരു പ്രൊപ്പോസൽ സർക്കാരിനു ലഭിച്ചിട്ടുണ്ട്. അതു പരിഗണനയിലാണ്.

വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ്

43 [3739] *ശ്രീ. സി. കെ. നാണു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് റൂറൽ പോലീസ് സൂപ്രണ്ടിന്റെ ആസ്ഥാനമായ വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ് പണിയാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ വടകരയിൽ എസ്. പി. ക്വാർട്ടേഴ്സ് പണിയാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ നിർമ്മാണ പ്രവർത്തികൾ

44 [3740] *ശ്രീ. വി. കെ. സി. മമ്മത്കോയ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷനിലെ നിർമ്മാണ പ്രവർത്തികൾ നടത്തി വരുന്ന കരാറുകാരെ കോർപ്പറേഷൻ ജനറൽ മാനേജർ ദ്രോഹിക്കുന്നതായി ആരെങ്കിലും പരാതിപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) എ.ഇ., എ.എക്സ്.ഇ., സി.ഇ. എന്നീ ഉദ്യോഗസ്ഥർ സർട്ടിഫൈ ചെയ്ത മെഷർമെന്റുകൾ ജനറൽ മാനേജർ വെട്ടിക്കുറച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതനുവദനീയമാണോ ; വിശദമാക്കുമോ;

(ഡി) ഈ വിഷയത്തിൽ ബഹു. കോടതി മുമ്പാകെ ഏതെങ്കിലും കേസ്സുകൾ നിലവിലുണ്ടോ ; എത്ര കേസുകൾ;

(ഇ) ഉദ്യോഗസ്ഥരുടെ ഇത്തരം നടപടികൾ കോർപ്പറേഷന് നഷ്ടം വരുത്താൻ ഇടയാക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ;

(എഫ്) പരാതിക്കാർക്ക് നീതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) & (ബി) കേരളാ ഗവൺമെന്റ് കോൺട്രാക്ടേഴ്സ് ഫെഡറേഷന്റെ പരാതി ലഭിച്ചിട്ടുണ്ട്. പരാതിയിൽ പറയുന്ന കാര്യങ്ങൾ കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ എം. ഡി. അന്വേഷിച്ചു വരികയാണ്.

(സി) ഇക്കാര്യം അന്വേഷിച്ചു. അതിൽ കഴമ്പില്ല എന്ന് ബോദ്ധ്യപ്പെടുകയാണുണ്ടായത്. സാങ്കേതിക കാര്യങ്ങളിൽ തീർപ്പു കല്പിക്കേണ്ടത് കോർപ്പറേഷന്റെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/ചീഫ് എഞ്ചിനീയർ എന്നിവരാണ്. കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറാണ് ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത്.

(ഡി) ഉണ്ട്. 12 കേസുകൾ നിലവിലുണ്ട്.

(ഇ) കോർപ്പറേഷനിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തെറ്റായ നടപടി എടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ കോർപ്പേറേഷന് നഷ്ടം ഉണ്ടാക്കുന്നില്ല.

(എഫ്) നടപടി സ്വീകരിച്ചിട്ടുണ്ട്.

കെ. എം. ഭാസ്കരൻ നായരുടെ മരണം സംബന്ധിച്ച് സി. ബി. ഐ. അന്വേഷണം

45 [3741] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂരാച്ചുണ്ട് പോലീസ് സ്റ്റേഷനിലെ കോൺസ്റ്റബിൾ ആയിരുന്ന ശ്രീ. കെ. എം. ഭാസ്കരൻ നായരുടെ മരണം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് കൊലപാതകമാണെന്നും, കേസ് സി. ബി. ഐ. അന്വേഷിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് എന്തെങ്കിലും നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.

(സി) ഭാസ്കരൻ നായരുടെ മരണവുമായി ബന്ധപ്പെട്ടു ക്രൈംബ്രാഞ്ച് അന്വേഷണം നടത്തുകയും (ക്രൈം നമ്പർ 3/സി.ആർ./94) അന്വേഷണത്തിൽ ഭാസ്കരൻ നായരുടെ മരണം ആത്മഹത്യയാണെന്ന് തെളിഞ്ഞതിൽ എഫ്.എ.ഡി. (ഫർദർ ആക്ഷൻ ഡ്രോപ്സ്) ആയി 26-7-1997-ൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly